# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4701 26.10.2016 -ലെ മറുപടിയ്ക്ക്

**കുപ്പിവെള്ള കമ്പനികൾ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളുടെ ആഴം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാമചന്ദ്രൻ | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് സ്ഥാപിക്കുന്ന കുഴൽ കിണറുകളുടെ ആഴം സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമാണെന്നും, കുപ്പിവെള്ള കമ്പനികൾ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകളുടെ ആഴം സംബന്ധിച്ച് ജലവിഭവ വകുപ്പ് പരിശോധിക്കാറുണ്ടോയെന്നും വിശദീകരിക്കുമോ? | എ) കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വിശദമായ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി സ്ഥാനനിർണ്ണയം നടത്തികൊടുക്കുന്നുണ്ട്. ഭൂജല വകുപ്പ് നൽകുന്ന ശുപാർശയിൽ സുരക്ഷിതമായ അളവിലുള്ള ആഴം കുഴൽകിണറുകൾക്ക് നിർദ്ദേശിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജല അതോറിറ്റിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പമ്പിംഗ് ടെസ്റ്റ് ഉൾപ്പെടെയുള്ള വിശദമായ പഠനങ്ങൾക്ക് ശേഷമാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. ഇവയ്ക്ക് പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് നിജപ്പെടുത്തുകയും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ